പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3733

23.08.2017 - ൽ മറുപടിക്ക്.

# അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മണൽ വിതരണം

| ചോദ്യം<br>ശ്രീ. പി. കെ. അബ്ദു റബ്ബ്. | | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|---|
| (എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും മണൽ കൊണ്ട് വന്ന് ഡീലർമാർ വഴി കേരളത്തിൽ വിതരണം ചെയ്യുന്നതിനായി സിഡ്കോ ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ; | (എ) : | പ്രസ്തുത പദ്ധതി നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) ഈ പദ്ധതി പ്രകാരം എറണാകുളം കുന്നത്തുനാട് താലൂക്കിലെ മണൽ വിതരണത്തിനുള്ള ഡീലർഷിപ്പ് നൽകിയ സജീദ് പി.എ. രണ്ട് വർഷമായിട്ടും സിഡ്കോ മണൽ ലഭ്യമാക്കാത്തതിനാൽ അഡ്വാൻസ് തുകയായി 18.04.2014-ൽ നൽകിയ പത്തു ലക്ഷം രൂപ പലിശ സഹിതം (ബാങ്ക് നിരക്കിലുള്ള) തിരിച്ചു നൽകണമെന്നാവശ്യപ്പെട്ട് 10/04/2016, 29/10/2016 എന്നീ തീയതികളിൽ നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) : | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>നിവേദനങ്ങൾ നടപടിയ്ക്കായി സിഡ്കോ മാനേജിങ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (സി) ടിയാൻ അഡ്വാൻസായി നൽകിയ പത്തു ലക്ഷം രൂപ തിരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) : | ഫണ്ടിന്റെ അഭാവം മൂലം സിഡ്കോയ്ക്ക് തുക തിരികെ നൽകാൻ സാധിച്ചിട്ടില്ല. സിഡ്കോയിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക തിരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.